LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുകിട വനവിഭവങ്ങളുടെ വിപണനത്തിനായി വനം വകപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് വനശ്രീ. വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മറ്റികൾ എന്നിവ വഴി ആദിവാസികൾ കാട്ടിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽ നിന്നും തയ്യാറാക്കുന്ന ഗുണമേന്മയുള്ളവിഭവങ്ങൾ വനശ്രീ എന്ന ബ്രാൻഡു നൽകി വിപണനം ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ, 23 വനവികാസ ഏജൻസികളിലായി പ്രവർത്തിച്ചുവരുന്നു. ഗുണമേന്മ വരുത്തി ഇടനിലക്കാരില്ലാതെ വനശ്രീ വഴി വനവിഭവങ്ങൾ വിൽക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും മൂല്യ വർദ്ധനവിലൂടെ ലാഭവിഹിതവും ലഭിക്കുന്നുണ്ട്.

ഓണം, റംസാൻ, ക്രിസ്മസ് മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെയും സംസ്ഥാനത്തിനു പുറത്തും നടക്കുന്ന വിവിധ മേളകൾ, എക്സിബിഷനുകൾ, ടെയിഡ് ഫെയറുകൾ എന്നിവ വഴിയും വനശ്രീയുടെ വനവിഭവങ്ങൾ നിലവിൽ വിപണനം നടത്തിവരുന്നുണ്ട്.

(ബി) വനപ്രദേശങ്ങളിലെ തടികളുടെ ലേലം, ഇ-ലേലം മുഖേന യഥാസമയത്ത് നടത്തിവരുന്നുണ്ട്. കലണ്ടർ വർഷപ്രകാരമാണ് ഇ-ലേല തീയതികൾ നിശ്ചയിക്കുന്നത്. ജനുവരി 2015 മുതൽ ഡിസംബർ 2015 വരെ എല്ലാ മാസങ്ങളിലും ശരാശരി 20 പ്രവൃത്തി ദിവസങ്ങളിലായാണ് ഇ-ലേലം ടിംബർ സെയിൽസ് ഡിപ്പോകളിൽ നടത്തിവരുന്നത്. ടെറിട്ടോറിയൽ ഡിവിഷനുകളുടെ കീഴിലെ ഡംബിംഗ് ഡിപ്പോകളിലും ഇ-ലേലം നടത്തിവരുന്നുണ്ട്. തുടർന്നും ടി നടപടികൾ യഥാസമയം നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആനവേട്ടയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

179(5768) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാറ്റൂർ വനം ഡിവിഷനിലെ ആനവേട്ടയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസുകളിൽ എത്ര പേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എത്ര പേർക്കെതിരെ ഏതൊക്കെ കുറ്റങ്ങൾക്കാണ് നടപടി എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) കുറ്റകൃത്യം കണ്ടെത്തി കേസ്സുകൾ രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ആനവേട്ടയുമായി ബന്ധപ്പെട്ട കുറ്റകൃത്യം കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഏതു സന്ദർഭത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഇ) ആനവേട്ടക്കേസിൽ സമർപ്പിച്ചിട്ടുള്ള പ്രഥമ വിവര റിപ്പോർട്ടുകളുടെയും മഹസ്സറിന്റെയും കോപ്പികൾ ലഭ്യമാക്കുമോ ;

(എഫ്) ആനവേട്ട സംബന്ധിച്ച് വനം വകുപ്പിന്റെ വിജിലൻസ്, ഇന്റലിജൻസ് വിഭാഗങ്ങൾ ഇതിനുമുമ്പ് എന്തെങ്കിലും രഹസ്യ വിവരങ്ങളോ, സൂചനകളോ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ജി) വിവരങ്ങൾ നൽകിയിരുന്നില്ലെങ്കിൽ ഈ സംഭവം ആ വിഭാഗങ്ങളുടെ വീഴ്ചയായി കണക്കാക്കാമോ ; ആന വേട്ടയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ കുറ്റങ്ങൾ ഏതുകാലം മുതൽ ആരംഭിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മലയാറ്റൂർ ഡിവിഷനിൽ ആനകളെ വേട്ടയാടി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു. ഇതുവരെ 26 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ടി കേസ്സുകളുമായി ബന്ധപ്പെട്ട് മലയാറ്റൂർ ഡിവിഷനിൽ 4 ഉദ്യോഗസ്ഥരെ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ - 1, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ - 1, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ - 1, ബീറ്റ് ഫോറസ്റ്റ് ഓഫീസർ - 1) അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാണ് ടി ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്.

(സി) കുറ്റകൃത്യം യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിച്ച ജീവനക്കാർക്കെതിരെ നടപടി ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. ടി കേസുകളുമായി ബന്ധപ്പെട്ട് യഥാസമയം തുടർനടപടികൾ സ്വീകരിക്കാത്തതും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതുമായ ജീവനക്കാർക്കെതിരെ മാത്രമാണ് നടപടി എടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാണ് ആനവേട്ടയുമായി ബന്ധപ്പെട്ട് ഒ.ആർ.2/2015 കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആനവേട്ടയുമായി നേരിൽ ബന്ധമുള്ള ഒരു പ്രതി നേരിട്ട് ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്. ആനവേട്ടയുമായി ബന്ധപ്പെട്ട് ഉടൻന്ന് തുണ്ടത്തിൽ റെയിഞ്ചിലെ ഇടമലയാർ സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറാണ് ടി സ്റ്റേഷനിലെ ഒ.ആർ.1/2015, ഒ.ആർ.3/2015 എന്നീ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഇ) ബന്ധപ്പെട്ട രേഖകൾ കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്.

(എഫ്) 19-6-2015 ലെ വി.ഇ.9-26490/15 നമ്പർ കത്ത് പ്രകാരം വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് വിവരം നൽകിയിരുന്നു.

(ജി) ഉത്തരം (എഫ്) പ്രകാരം വിവരങ്ങൾ നൽകിയിരുന്നു. മേൽ കേസുകളുമായി ബന്ധപ്പെട്ട്, കണ്ടെത്തിയ ആനകളുടെ ജഡാവശിഷ്ട ഭാഗങ്ങൾ ഫോറൻസിക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ പ്രസ്തുത കുറ്റകൃത്യങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

**കാട്ടാനകളെ കൊലപ്പെടുത്തിയ സംഭവം**

180(5769) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 22 കാട്ടാനകളെ കൊലപ്പെടുത്തി എന്ന വാർത്ത വനം വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം മുൻപെങ്ങുമില്ലാത്ത വിധം ആനകൾ വേട്ടയാടപ്പെടുവാനുണ്ടായ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമീപകാലത്ത് മലയാറ്റൂർ ഡിവിഷനിലെ വനമേഖലയിൽനിന്ന് കാട്ടാനകളെ വേട്ടയാടി കൊമ്പ് നീക്കം ചെയ്ത കുറ്റത്തിന് തുണ്ടത്തിൽ റെയിഞ്ചിൽ 2015 മേയ്-ജൂൺ മാസങ്ങളിലായി ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.1/15, കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.2/15 എന്നീ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം പുരോഗമിച്ചുവരികയുമായിരുന്നു. 29-6-2015 ന് മലയാള മനോരമ പത്രത്തിൽ ആനവേട്ടയെ സംബന്ധിച്ച് വാർത്ത

LIBRARY ARCHIVES Kerala Legislative Assembly